KERALA STATE OPEN SCHOOL

# കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്. സി. ഇ. ആർ. ടി)**

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695 012

# പ്രോസ്പെക്ടസ്

**വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ്**

# അഡീഷണൽ മാത്തമാറ്റിക്സ്

## ഉള്ളടക്കം

പേജ്

- ആമുഖം .......... 5
- രജിസ്ട്രേഷൻ .......... 5
- കോഴ്സ് വിവരങ്ങൾ .......... 6
- നിർദ്ദേശങ്ങൾ .......... 8
- ഓപ്പൺ സ്കൂൾ ജില്ലാകേന്ദ്രങ്ങൾ .......... 9,10
- ഫീസ് സ്വീകരിക്കുന്ന എസ്.ബി.റ്റി. ശാഖകൾ .......... 11

Typesetting by: KSOS Computer Section
Printed at :





# കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

## വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ്

## അഡീഷണൽ മാത്തമാറ്റിക്സ്

### ആമുഖം

കേരള സർക്കാർ ഉത്തരവ് GO (RT) No. 1170/07/G/Edn. dated 15/03/2007 പ്രകാരം 2007–2008 അധ്യായനവർഷം മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി 'ബി' ഗ്രൂപ്പ് വിദ്യാർഥികളുടെ അഡീഷണൽ മാത്തമാറ്റിക്സിന്റെ സി.ഇ. മൂല്യനിർണ്ണയം നടത്തുന്ന ചുമതല കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനാണ്.

2005 അധ്യയനവർഷം മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികളുടെ മാത്തമാറ്റിക്സ് വിഷയത്തിന്റെ സ്കോർ ഒന്നും, രണ്ടും വർഷങ്ങളിൽ 80:20 എന്ന രീതിയിലായിരിക്കും.

**യോഗ്യത** ▸ കേരള സ്റ്റേറ്റ് സിലബസ് പ്രകാരം ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ റഗുലർ ബാച്ചായി 'ബി' ഗ്രൂപ്പ് തെരഞ്ഞെടുത്ത വിദ്യാർഥിയായിരിക്കണം.

**സിലബസ്** ▸ വൊക്കേഷണൽ ഹയർ സെക്കന്ററി സിലബസ്

## രജിസ്ട്രേഷൻ (Registration)

നിർദ്ദിഷ്ട യോഗ്യതയുള്ള വിദ്യാർഥി താഴെ പറയും പ്രകാരം അപേക്ഷാഫാറം സമർപ്പിക്കേണ്ടതാണ്.

- രജിസ്ട്രേഷൻ ഫാറം കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിന്നും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് വഴി സ്കൂളുകളിൽ നിന്നും ലഭിക്കുന്നതായിരിക്കും.
- കോഴ്സ് ഫീസായ 250/- ഒടുക്കിയ ചെലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- കോഴ്സ് ഫീസ് തെരഞ്ഞെടുത്ത എസ്.ബി.റ്റി. ശാഖയിൽ ലഭിക്കുന്ന ഓപ്പൺ സ്കൂൾ ചെലാനിൽ ഒടുക്കിയശേഷം അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതാണ്. ചെലാന്റെ ഫോട്ടോകോപ്പി വിദ്യാർഥി സൂക്ഷിക്കേണ്ടതാണ്.
- അഡ്മിഷൻ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ നിശ്ചിത ദിവസംവരെ പിഴകൂടാതെ ഫീസ് ഒടുക്കി അപേക്ഷാ ഫാറം നൽകാവുന്നതാണ്.
- പിഴയില്ലാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയുടെ അടുത്ത ദിവസം മുതൽ നിശ്ചിത ദിവസംവരെ 25/- രൂപ പിഴയോടുകൂടി അപേക്ഷ സ്വീകരിക്കും.

## കോഴ്സ് വിവരങ്ങൾ

- ജില്ലയിലെ മാത്തമാറ്റിക്സ് വിഷയമുള്ള ഒരു വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.
- പഠനകേന്ദ്രം അനുവദിക്കുന്നതിന്റെ അന്തിമ തീരുമാനം ഓപ്പൺ സ്കൂൾ അധികൃതരുടേതായിരിക്കും





- വിദ്യാർഥികൾക്ക് ഓരോ വർഷവും 10 മണിക്കൂർ സി.ഇ. ക്ലാസുകൾ മാത്രമായിരിക്കും നൽകുന്നത്.
- സി.ഇ. ക്ലാസുകളിലെ ഹാജർ 100% നിർബന്ധമാക്കിയിരിക്കുന്നു.
- റഗുലർ മാത്തമാറ്റിക്സ് വിദ്യാർഥികൾക്ക് നൽകുന്ന സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് പഠിക്കുന്ന വിദ്യാർഥിക്ക്, പരീക്ഷ വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് നടത്തുന്നതായിരിക്കും.
- സി.ഇ. ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ മൂല്യനിർണ്ണയം നടത്തി മാർക്ക് ലിസ്റ്റ് ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ എത്തിക്കുന്നതായിരിക്കും.
- സി.ഇ. ക്ലാസിൽ പങ്കെടുക്കാത്തതും, സി.ഇ രേഖകൾ സമർപ്പിക്കാത്തുമായ വിദ്യാർഥികൾക്ക് അഡീഷണൽ മാത്തമാറ്റിക്സിന്റെ എഴുത്തു പരീക്ഷ എഴുതുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
- ഒന്നാം വർഷ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് സി.ഇ. ക്ലാസിൽ പങ്കെടുക്കുകയും, സി.ഇ. രേഖകൾ സമർപ്പിക്കുകയും ചെയ്തശേഷം എഴുത്തു പരീക്ഷയിലൂടെ യോഗ്യത നേടിയ വിദ്യാർഥികൾക്കു മാത്രമേ രണ്ടാം വർഷ അഡീഷണൽ മാത്തമാറ്റിക്സ് സി.ഇ. ക്ലാസ്സിൽ പങ്കെടുക്കുവാനും, എഴുത്തു പരീക്ഷ എഴുതുവാനും സാധിക്കുകയുള്ളു.
- പരീക്ഷയുടെ രജിസ്റ്റർ നമ്പർ ലഭിച്ച ഉടൻ തന്നെ അതത് സ്കൂൾ പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്കൂളിൽ നിന്നും അഡീഷണൽ മാത്തമാറ്റിക്സിന് അപേക്ഷ നൽകിയിരിക്കുന്ന വിദ്യാർഥികളുടെ രജിസ്റ്റർ നമ്പർ ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ അയച്ചുതരേണ്ടതാണ്.

## താഴെപ്പറയുന്ന കാരണങ്ങളാൽ റിസൾട്ട് തടഞ്ഞുവെയ്ക്കപ്പെടാം

- തെരെഞ്ഞെടുത്ത എസ്.ബി.ടി ശാഖകളിൽ (പേജ് നം. 9 കാണുക) ലഭിക്കുന്ന ഓപ്പൺ സ്കൂൾ ചെലാനിൽ നിശ്ചിത ഫീസ് ഒടുക്കാത്ത വിദ്യാർഥിയുടെ റിസൾട്ട്.
- സി.ഇ.ക്ലാസിൽ പങ്കെടുക്കാതിരിക്കുകയും സി.ഇ. രേഖകൾ കൃത്യ സമയത്ത് സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന വിദ്യാർഥിയുടെ റിസൾട്ട്.
- പഠന കേന്ദ്രങ്ങളിൽ അച്ചടക്കരാഹിത്യം പ്രകടിപ്പിക്കുന്ന വിദ്യാർഥിയുടെ റിസൾട്ട്.
- ഒന്നാംവർഷ ഫീസ് ഒടുക്കാതെയും, ഒന്നാംവർഷ സി.ഇ. ക്ലാസിൽ പങ്കെടുക്കാതെയും, സി.ഇ. രേഖകൾ സമർപ്പിക്കാതെയും രണ്ടാം വർഷം അപേക്ഷിക്കുന്ന വിദ്യാർഥിയുടെ റിസൾട്ട്.
- പഠിക്കുന്ന സ്കൂൾ പ്രിൻസിപ്പാളിന്റെ ഡിക്ലറേഷൻ, സ്കൂളിന്റെ പേര്, ജില്ല, പഠിക്കുന്ന ബ്രാഞ്ച്, ഫാക്കൽട്ടി, കോഴ്സ് കോഡ് എന്നിവ രേഖപ്പെടുത്താത്ത വിദ്യാർഥിയുടെ റിസൾട്ട്.
- പരീക്ഷയുടെ രജിസ്റ്റർ നമ്പർ യഥാസമയത്ത് ഓപ്പൺ സ്കൂൾ ഓഫീസിൽ അയച്ചുതരാത്ത വിദ്യാർഥിയുടെ റിസൾട്ട്.

## അപേക്ഷ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- അപേക്ഷ വായിച്ചശേഷം ശ്രദ്ധയോടെ പൂരിപ്പിക്കേണ്ടതാണ്.
- അപേക്ഷ പൂരിപ്പിക്കുന്നതിന് നീല അല്ലെങ്കിൽ കറുപ്പ് നിറത്തിലുള്ള ബോൾ പോയിന്റ് പേന ഉപയോഗിക്കണം.
- അപേക്ഷയിൽ ഗ്രൂപ്പ്, ഫാക്കൽറ്റി, കോഴ്സ് കോഡ് എന്നിവ വ്യക്തമായി പൂരിപ്പിക്കണം.





- പേര്, ജനനതീയതി എന്നിവ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ തന്നെ എഴുതുക.
- അപേക്ഷാ ഫാറത്തിൽ നിശ്ചിത സ്ഥാനത്ത് ഫോട്ടോപതിച്ച് വിദ്യാർഥി പഠിച്ചുകൊണ്ടിരിക്കുന്ന വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- അപേക്ഷാഫാറത്തിൽ നിർദ്ദിഷ്ട സ്ഥാനത്ത് ഫീസ് ഒടുക്കിയ വിവരം രേഖപ്പെടുത്തേണ്ടതാണ്.
- അപേക്ഷയിൽ വിദ്യാർഥി വി.എച്ച്.എസ്.ഇ സ്കൂളിൽ നിന്നും ലഭിച്ച അഡ്മിഷൻ നമ്പർ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

## പ്രിൻസിപ്പാൾമാരുടെ ശ്രദ്ധയ്ക്ക്

- 'ബി' ഗ്രൂപ്പ് വിദ്യാർഥിക്ക് അഡീഷണൽ മാത്താമാറ്റിക്സ് തെരഞ്ഞെടുക്കാവുന്നതാണെന്ന് അറിയിപ്പ് നൽകേണ്ടതാണ്.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസത്തിനു മുമ്പ് തന്നെ വിദ്യാർഥികളിൽ നിന്നും പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫാറം സ്വീകരിക്കേണ്ടതാണ്.
- അപേക്ഷയിൽ പ്രിൻസിപ്പാൾ പൂരിപ്പിക്കേണ്ടഭാഗം പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- അതത് സ്കൂളിലെ അപേക്ഷാഫാറം പ്രിൻസിപ്പാൾ ശേഖരിച്ച് വൊക്കേഷണൽ ഹയർസെക്കന്ററി റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും അപേക്ഷാ ഫാറം ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ എത്തിക്കുന്നതായിരിക്കും.

## ഓപ്പൺ സ്കൂൾ ജില്ലാകേന്ദ്രങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>എസ്.സി.ഇ.ആർ.ടി, വിദ്യാഭവൻ<br>പൂജപ്പുര, തിരുവനന്തപുരം-12<br>ഫോൺ: 0471 - 2340323 |
| കൊല്ലം | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: ബോയിസ്. എച്ച്.എസ്.എസ്, കൊല്ലം<br>ഫോൺ: 0474 - 2794064 |
| പത്തനംതിട്ട | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഡി.ബി.എച്ച്.എസ്.എസ്, തിരുവല്ല, പത്തനംതിട്ട<br>ഫോൺ: 0469 - 2604630 |
| ആലപ്പുഴ | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എച്ച്.എസ്.എസ്, കായംകുളം, ആലപ്പുഴ<br>ഫോൺ: 0479 - 2443370 |
| കോട്ടയം | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എച്ച്.എസ്.എസ്, കാരാപ്പുഴ, കോട്ടയം<br>ഫോൺ: 0481 - 2304231 |
| ഇടുക്കി | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ജി.എച്ച്.എസ്.എസ്, തൊടുപുഴ, ഇടുക്കി<br>ഫോൺ: 0486 - 2325155 |
| എറണാകുളം | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എസ്.ആർ.വി. എൽ.പി. സ്കൂൾ<br>സൗത്ത്, എറണാകുളം<br>ഫോൺ: 0484 - 2377536 |





| | |
|---|---|
| തൃശൂർ | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ:മോഡൽ വൊക്കേഷണൽ ജി. എച്ച്.എസ്.എസ്,<br>തൃശൂർ<br>ഫോൺ: 0487 - 2320105 |
| പാലക്കാട് | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ജി.എം.യു.പി.എസ്,<br>മണ്ണാർക്കാട്, പാലക്കാട്<br>ഫോൺ: 0492 - 4223789 |
| മലപ്പുറം | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: രാജാസ് എച്ച്.എസ്.എസ്,<br>കോട്ടയ്ക്കൽ, മലപ്പുറം<br>ഫോൺ: 0483 - 2860605 |
| കോഴിക്കോട് | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: മോഡൽ എച്ച്.എസ്.എസ്, കോഴിക്കോട്<br>ഫോൺ: 0495 - 2725565 |
| വയനാട് | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എച്ച്.എസ്.എസ്, മീനങ്ങാടി, വയനാട്<br>ഫോൺ: 04936 - 246500 |
| കണ്ണൂർ | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: ടൗൺ എച്ച്.എസ്.എസ്, കണ്ണൂർ<br>ഫോൺ: 0497 - 2765764 |
| കാസർഗോഡ് | ജില്ലാ കോർഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ജി.എം.വി. എച്ച്.എസ്.എസ്, തളങ്കര<br>കാസർഗോഡ്<br>ഫോൺ: 04994 - 230479 |

## ഓപ്പൺ സ്കൂളിന്റെ ഫീസ് സ്വീകരിക്കുന്ന എസ്.ബി.റ്റി. ശാഖകൾ

| | |
|---|---|
| തിരുവനന്തപുരം | സ്റ്റാച്യൂ (മെയിൻ) |
| കൊല്ലം | കൊല്ലം (മെയിൻ) |
| പത്തനംതിട്ട | പത്തനംതിട്ട (മെയിൻ) |
| ആലപ്പുഴ | ആലപ്പുഴ (മെയിൻ) |
| കോട്ടയം | കോട്ടയം( മെയിൻ) |
| ഇടുക്കി | കട്ടപ്പന |
| എറണാകുളം | ബ്രോഡ്വേ |
| തൃശൂർ | തൃശൂർ മെയിൻ |
| പാലക്കാട് | പാലക്കാട് (മെയിൻ) |
| മലപ്പുറം | മലപ്പുറം (മെയിൻ) |
| കോഴിക്കോട് | കോഴിക്കോട് പാളയം |
| വയനാട് | മീനങ്ങാടി |
| കണ്ണൂർ | കണ്ണൂർ (മെയിൻ) |
| കാസർഗോഡ് | കാസർഗോഡ് (മെയിൻ) |



പ്രോസ്പെക്റ്റസ്

*Telephones*


| | | |
|---|---|---|
| KSOS | : | 0471 - 2340323 |
| Director | : | 0471 - 2341883 |
| State Co-ordinator | : | 0471 - 2348581 |
| Fax | : | 0471 - 2341869 |

www.scert.kerala.gov.in
E-mail: scertkerala@asianetindia.com
scksos@rediffmail.com